## പതിനാലാം കേരളനിയമസഭ

## പത്തൊൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 119 | 02.03.2020-ൽ മറുപടി നൽകേണ്ടിയിരുന്നത് |
|---|---|

**ആഭ്യന്തര വകുപ്പിൽ ടെൻഡറില്ലാതെ നടത്തിയ വാങ്ങലുകളും നിർമ്മാണ പ്രവർത്തനങ്ങളും**

| ചോദ്യം<br>ശ്രീ.ടി. വി. ഇബ്രാഹിം | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | ഈ സർക്കാർ കാലയളവിൽ ആഭ്യന്തര വകുപ്പിൽ ടെൻഡറില്ലാതെ നടത്തിയ വാങ്ങലുകൾ, നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ അറിയിക്കാമോ; | (എ)<br>യും<br>(ബി) | കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിൽ ടെണ്ടറില്ലാതെ യാതൊരുവിധ വാങ്ങലുകളും നടത്തിയിട്ടില്ല. നിർമ്മാണ പ്രവർത്തനങ്ങൾ പി ഡബ്ല്യൂ ഡി മുഖാന്തിരമാണ് നടത്തുന്നത്.വാർഷിക പരിപാലന കരാറിലുള്ള അനാലിസിസ് ഉപകരണങ്ങളുടെ സ്പെയർപാർട്ടുകൾ പ്രൊപ്രൈറ്ററി വിഭാഗത്തിലുള്ളവയായതിനാൽ സ്റ്റോർ പർച്ചേസ് റൂൾ 7(20) അനുസരിച്ച സിംഗിൾ ക്വട്ടേഷൻ മുഖേന അതത് അനാലിസിസ് ഉപകരണങ്ങളുടെ നിർമ്മാതാക്കളിൽ നിന്നും നേരിട്ട് മാത്രമാണ് വാങ്ങുന്നത്.<br>ഈ സർക്കാർ കാലയളവിൽ ഫയർ ആന്റ് റെസ്ക്യൂ വകുപ്പിൽ ടെൻഡറില്ലാതെ യാതൊരുവിധ വാങ്ങലുകളും നടത്തിയിട്ടില്ല. ഈ വകുപ്പിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൊതുമരാമത്ത് വകുപ്പ്/ സർക്കാർ അംഗീകൃത ഏജൻസി എന്നിവ മുഖാന്തിരമാണ് നടത്തി വരുന്നത്. നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ള പൊതുമരാമത്ത് വകുപ്പ് ഒഴികെയുള്ള ഏജൻസികളുമായി ബന്ധപ്പെട്ടതിൽ നിയമാനുസൃത ടെൻഡർ നടപടികൾ പൂർത്തീകരിച്ചതിന് ശേഷമാണ് ഇവ നടപ്പിലാക്കിയിട്ടുള്ളത്.<br>പോലീസ് വകുപ്പിൽ ടെൻഡറില്ലാതെ 2 ബുള്ളറ്റ് പ്രൂഫ് വാഹനങ്ങൾ MoPF 2016 - 2017 പദ്ധതിയുടെ ഭാഗമായി വാങ്ങിയിട്ടുണ്ട്. സുരക്ഷാ കാരണങ്ങൾ കൊണ്ട് ഇവ വാങ്ങുന്നതിന് ഓപ്പൺ ടെൻഡർ പ്രസിദ്ധീകരിക്കുന്നത് സ്വീകാര്യമല്ലാത്തതുകൊണ്ടും ഇവ GeM പോർട്ടലിൽ ലഭ്യമല്ലാത്തതിനാലുമാണ് ബുള്ളറ്റ് പ്രൂഫ് വാഹനങ്ങൾ ഓപ്പൺ ടെൻഡറിലൂടെ വാങ്ങാതിരുന്നത്.ഈ നടപടി 05/01/2019 -ലെ |
| (ബി) | ആഭ്യന്തര വകുപ്പിൽ ടെൻഡറില്ലാതെ നടത്തുന്ന പർച്ചേസുകൾ ഏത് വ്യവസ്ഥ പ്രകാരമാണ് സാധൂകരിക്കുന്നത് എന്നറിയിക്കാമോ; | | |

| | | | |
|---|---|---|---|
| | | | സർക്കാർ ഉത്തരവ് (സാധാ) നം.43/2019/ആഭ്യന്തരം പ്രകാരം സാധൂകരിച്ചിട്ടുണ്ട്. പോലീസ് വകുപ്പിൽ വിവിധ നിർമ്മാണ പ്രവർത്തങ്ങൾ സർക്കാർ കാലാകാലങ്ങളിൽ അംഗീകരിച്ചിട്ടുള്ള അക്രെഡിറ്റഡ് ഏജൻസികൾ മുഖേനയാണ് നടത്തുന്നത്.കൂടാതെ വിവിധ പർച്ചേസുകൾ സർക്കാർ അംഗീകരിച്ചിട്ടുള്ള GeM, e-Tender എന്നിവ മുഖേനയും നടത്തുന്നുണ്ട്.<br>ജയിൽ വകുപ്പിൽ ടെൻഡറില്ലാതെ നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും നടത്തിയിട്ടില്ല. എന്നാൽ ടെൻഡർ കൂടാതെ 2016 -2017, 2017 -2018, 2018 -2019 വർഷങ്ങളിൽ ജയിൽ മാനുഫാക്ചറി യൂണിറ്റിലേക്കാവശ്യമായ നൂൽ വാങ്ങിയിട്ടുണ്ട്.<br>പ്രസ്തുത വർഷങ്ങളിൽ തിരുവനന്തപുരം, കണ്ണൂർ, വിയ്യൂർ സെൻട്രൽ ജയിലുകളിലെ മാനുഫാക്ചറി യൂണിറ്റിലേക്ക് നൂൽ വാങ്ങുന്നതിന് സ്റ്റോർ പർച്ചേസ് നിയമ പ്രകാരം രണ്ട് തവണ ഇ-ടെൻഡറുകൾ ക്ഷണിച്ചിരുന്നുവെങ്കിലും അത് പ്രാവർത്തികമായില്ല. ആയതിനാൽ നൂലിന്റെ അപര്യാപ്തതമൂലം മാനു ഫാക്ചറി യൂണിറ്റുകളുടെ പ്രവർത്തനത്തിന് തടസ്സം നേരിടുമെന്നതിനാലും തടവുകാർക്ക് വേണ്ടിയുള്ള വസ്ത്ര നിർമ്മാണ ..ത്തിനു പ്രതിസന്ധി നേരിടുമെന്നതിനാലും തടവുകാരുടെ പരിശീലനം നിർത്തി വയ് ക്കേണ്ടതായിവരുമെന്നതിനാലും 2016 - 2017 വർഷത്തിൽ സർക്കാർ സഹകരണ സ്ഥാപനമായ കണ്ണൂർ കോ ഓപ്പറേറ്റീവ് സ്പിന്നിങ് മില്ലിൽ നിന്നും തിരുവനന്തപുരം, കണ്ണൂർ സെൻട്രൽ ജയിലുകളിലേക്കു നൂൽ വാങ്ങുന്നതിന് 26,88,923/-രൂപ (ഇരുപത്തിയാറ് ലക്ഷത്തി എൺപത്തിയെണ്ണായിരത്തി തൊള്ളായിരത്തി ഇരുപത്തിമൂന്ന് രൂപ) യും 2017 - 2018 സാമ്പത്തിക വർഷത്തിൽ ഇതേ കാരണങ്ങളാൽ കണ്ണൂർ കോ ഓപ്പറേറ്റീവ് സ്പിന്നിങ് മില്ലിൽ നിന്നും തിരുവനന്തപുരം, കണ്ണൂർ, വിയ്യൂർ സെൻട്രൽ ജയിലുകളിലേക്കു നൂൽ വാങ്ങുന്നതിന് 26,52,576/-രൂപ (ഇരുപത്തിയാറ് ലക്ഷത്തി അൻപത്തിരണ്ടായിരത്തി അഞ്ഞൂറ്റി എഴുപത്തിയാറ് രൂപ) യും 2018 -2019 വർഷത്തിൽ തിരുവനന്തപുരം, കണ്ണൂർ, വിയ്യൂർ സെൻട്രൽ ജയിലുകളിലേക്കു കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ടെക്സ്റ്റൈൽസ് കോ ഓപ്പറേഷനിൽ നിന്നും നൂൽ വാങ്ങുന്നതിന് 30,00,000/-രൂപ (മുപ്പതു ലക്ഷം രൂപ) യും അനുവദിച്ചു. ഈ നടപടികൾക്ക് സർക്കാർ സാധൂകരണം നൽകിയിട്ടുണ്ട്.<br>സ്റ്റോർ പർച്ചേസ് മാനുവലും, നിലവിലെ |

| | | | |
|---|---|---|---|
| | | | നിയമങ്ങളും അനുസരിച്ചുള്ള വാങ്ങലുകളും/ നിർമ്മാണ പ്രവർത്തനങ്ങളും മാത്രമാണ് ജുഡീഷ്യറിയിൽ നടന്നിട്ടുള്ളത്. പ്രത്യേകമായി ഒഴിവാക്കപ്പെട്ട കേസുകളിൽ ഒഴികെയുള്ള എല്ലാ പ്രവർത്തികളും Tender Formalities പ്രകാരമാണ് പ്രവർത്തനങ്ങൾ നടന്നിട്ടുള്ളത്. Quatation/Tender, e-Tender, GeM, CPRCS എന്നീ നടപടി ക്രമങ്ങൾ അനുസരിച്ചാണ് വാങ്ങലുകളും/നിർമ്മാണ പ്രവർത്തനങ്ങളും നടന്നിട്ടുള്ളത്. |
| (സി) | ടെൻഡറില്ലാതെയുള്ള വാങ്ങലുകൾക്കും നിർമ്മാണ പ്രവർത്തനങ്ങൾക്കും വേണ്ടി ഏതെങ്കിലും ചട്ടത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ; | (സി) | സ്റ്റോർ പർച്ചേസ് മാന്വലിൽ അത്തരം ഭേദഗതികളൊന്നും വരുത്തിയിട്ടില്ല. |
| (ഡി) | സംസ്ഥാന പോലീസ് മേധാവിക്ക് മുൻകൂർ അനുമതിയില്ലാതെ കൈകാര്യം ചെയ്യാവുന്ന പണത്തിന്റെ പരിധി എത്രയാണ്; ഇതിൽ സമീപകാല ത്തുണ്ടായ മാറ്റങ്ങൾ എന്തൊക്കെയാണ്; വിശദീകരിക്കാമോ? | (ഡി) | 17/1/2018 തീയതിയിലെ സർക്കാർ ഉത്തരവ് (എം എസ്) നം.9/2018/ആഭ്യന്തരം പ്രകാരം സംസ്ഥാന പോലീസ് മേധാവിയുടെ സാമ്പത്തിക അധികാര പരിധി പുതുക്കി നിശ്ചയിച്ച ഉത്തരവ് അനുസരിച്ച വ്യത്യസ്ത ആവശ്യങ്ങൾക്കായി വ്യത്യസ്ത തുകകളാണ് അനുവദിച്ചിട്ടുള്ളത്. ഇത് പ്രകാരം മുൻ കൂർ അനുമതിയില്ലാതെ നൽകാവുന്ന പരമാവധി തുക അഞ്ച് കോടി രൂപ വരെയാണ്. MoPF സ്കീം പ്രകാരമുള്ള പർച്ചേസുകൾക്ക സംസ്ഥാന പോലീസ് മേധാവിയുടെ സാമ്പത്തിക അധികാര പരിധി 2 കോടി രൂപയിൽ നിന്ന് 5 കോടി രൂപയായി സ.ഉ (സാധാ) നം 185/2020/ആഭ്യന്തരം തീയതി 18/01/2020 പ്രകാരം ഉയർത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ